(ഡി) ഇതുമൂലം ഉണ്ടാകുന്ന ഭക്ഷ്യധാന്യങ്ങളുടെ കുറവ് എങ്ങനെ പരിഹരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൊഴിലാളികളുടെ ദൗർലഭ്യം നേരിടുന്ന പ്രദേശത്ത് യന്ത്രവൽക്കരണ നടപടികൾ സ്വീകരിക്കുകയും പോരാത്ത തൊഴിലാളികളെ ട്രെയിൻ ചെയ്യാൻ നോക്കുന്നതുമാണ്.

(സി) ഈ നിർദ്ദേശം സ്വീകരിക്കാൻ നിവർത്തിയില്ല.

(ഡി) ഭക്ഷ്യധാന്യങ്ങളുടെ കുറവ് ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയാണ് ധാന്യകൃഷികൾ ചെയ്തുകൊണ്ടിരിക്കുന്ന വയലുകൾ മറ്റു കൃഷികൾ ചെയ്യുവാൻ അനുമതി നൽകാത്തത്.

ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി

56 [2919] ശ്രീ. അടൂർ പ്രകാശ്:
,, എ. സുജനപാൽ:
,, വി. ഡി. സതീശൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, ടി. എൻ. പ്രതാപൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി നിലവിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ്;

(സി) ഇത് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതിപ്രകാരം ഏതെല്ലാം കൃഷികൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ കിട്ടുന്നത്;

(ഇ) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ഇതിന്റെ ആനുകൂല്യം എത്ര പേർക്ക് കിട്ടുന്നുണ്ട്;

(എഫ്) ഇതിന്റെ പ്രീമിയം അടയ്ക്കുന്നത് സംബന്ധിച്ച കാര്യങ്ങളുടെയും ഇതിൽനിന്നു ലഭിക്കുന്ന ആനുകൂല്യങ്ങളുടെയും വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1999-2000, റാബി 1 സീസൺ മുതൽ ഈ പദ്ധതി നിലവിൽവന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതിപ്രകാരം നെല്ല്, മരച്ചീനി, വാഴ, പൈനാപ്പിൾ, മഞ്ഞൾ, ഇഞ്ചി എന്നീ വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു.

(ഇ) ഈ പദ്ധതിപ്രകാരം നാളിതുവരെയ്ക്കും 19,648 കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയുണ്ടായി.

(എഫ്) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾ കൃഷി ചെയ്യുന്നതിനുവേണ്ടി ബാങ്കുകൾ/സഹകരണ സംഘങ്ങൾ എന്നിവ മുഖേന കാർഷിക വായ്പയെടുക്കുന്ന കർഷകർ നിർബന്ധമായും മറ്റുകർഷകർ സ്വന്തം താൽപര്യ പ്രകാരവും അംഗങ്ങളാകാവുന്നതാണ്. വായ്പ എടുക്കുന്ന കർഷകൻ വായ്പ തുകയ്ക്ക് തുല്യമായ തുകയ്ക്കോ, കുറഞ്ഞ നിരക്കിലുള്ള പ്രീമിയം നൽകി വിളയുടെ ശരാശരി വിലയ്ക്ക് തുല്യമായ വിലയ്ക്കോ, ഈ തുകയ്ക്കുമീതെ, അധികനിരക്കിലുള്ള പ്രീമിയം നൽകി വിളയുടെ ഒന്നര ഇരട്ടിയുടെ മൂല്യത്തിനു തുല്യമായ തുകവരെയോ ഇൻഷ്വർ ചെയ്യാവുന്നതാണ്. ഈ പദ്ധതിയിൻ കീഴിൽ ചെറുകിട നാമമാത്ര കർഷകർക്ക് പ്രീമിയത്തിന്റെ നിശ്ചിത ശതമാനം കേന്ദ്ര സംസ്ഥാന സർക്കാരുകൾ സബ്സിഡിയായി നൽകുന്നു. വിളയുടെ നഷ്ടപരിഹാരം വിളവെടുപ്പിന്റെ തോതനുസരിച്ചാണ് നൽകുന്നത്. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പു നടത്തുന്ന ക്രോപ്പ് കട്ടിംഗ് സർവ്വെ അനുസരിച്ചാണ് വിളവെടുപ്പിന്റെ കണക്ക് നിശ്ചയിക്കുന്നത്. ഇത്തരത്തിൽ ലഭിക്കുന്ന വിളയുടെ കണക്ക് ശരാശരി ഉല്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ ഒരു സീസണിൽ പ്രഖ്യാപിത പ്രദേശത്ത് വിളയുടെ ഉൽപാദനത്തിലുള്ള കുറവും, കർഷകർ അവരുടെ വിള ഇൻഷ്വർ ചെയ്തിരിക്കുന്ന തുകയും അനുസരിച്ച് നഷ്ട പരിഹാരം നൽകുന്നു.

വിവിധ വിളകൾക്ക് നൽകിയ ധനസഹായം

57 [2920] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വിളകൾക്ക് ധനസഹായം/സബ്സിഡി അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ സാമ്പത്തിക വർഷവും ഓരോ വിളകൾക്ക് എന്തുതുക വീതം ധനസഹായം/സബ്സിഡി നൽകി എന്ന് വർഷവും ഇനവും തിരിച്ച് വെളിപ്പെടുത്തുമോ;

(സി) വാനില, റബ്ബർ കൃഷികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക സഹായധനം നൽകി എന്ന് തരം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) 10 ലക്ഷം രൂപയിൽ കൂടുതൽ സഹായധനം ലഭിച്ചവർ ആരെല്ലാമാണെന്നും എത്ര തുക വീതം ഏതെല്ലാം വിളകൾക്കെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly